KSACS

**Kerala State AIDS Control Society**
Red Cross Road
Thiruvananthapuram - 695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: info@ksacs.in

12/10/2009

# 'സ്പന്ദനം';
# എച്ച്ഐവി നിയന്ത്രണം അംഗൻവാടികളിലൂടെ

തിരുവനന്തപുരം: എച്ച്ഐവി നിയന്ത്രണ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ താഴെത്തട്ടിലേയ്ക്ക് എത്തിക്കുന്നതിനായി സംസ്ഥാന സാമൂഹ്യക്ഷേമ വകുപ്പും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയും കൈകോർക്കുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ അംഗൻവാടി പ്രവർത്തകർക്കായി 'സ്പന്ദനം' എന്ന ശാക്തീകരണ പരിപാടി നടത്തും.

അംഗൻവാടികളിലൂടെ അതാത് പ്രദേശങ്ങളിൽ സമഗ്രമായ എച്ച്ഐവി നിയന്ത്രണമാണ് 'സ്പന്ദനം' ലക്ഷ്യം വെയ്ക്കുന്നത്. എച്ച്ഐവിയെ കുറിച്ചും എയ്ഡ്സിനെ കുറിച്ചും എല്ലാവരെയും പ്രത്യേകിച്ച് സ്ത്രീകളെ ബോധവതികളാക്കുക, എച്ച്ഐവി അണുബാധിതരോട് സമൂഹം കാണിക്കുന്ന നിന്ദയും വിവേചനവും കുറച്ചുക്കൊ ് അവർക്ക് മെച്ചപ്പെട്ട ജീവിതം സാധ്യമാക്കുക, എച്ച്ഐവി നിയന്ത്രണത്തിനായുള്ള ജ്യോതിസ്, പുലരി, ഉഷസ്, പ്രത്യാശ, സുരക്ഷ എന്നീ കേന്ദ്രങ്ങൾ നൽകുന്ന സേവനങ്ങളെക്കുറിച്ചും സേവനം ലഭ്യമാകുന്ന സ്ഥലങ്ങളെ കുറിച്ചും അറിവ് നൽകുക, സമൂഹത്തെ എച്ച്ഐവി നിയന്ത്രണം ശാക്തീകരിക്കാൻ പ്രേരണ നൽകുക തുടങ്ങിയവയാണ് സ്പന്ദനത്തിലൂടെ ലക്ഷ്യം വെയ്ക്കുന്നത്.

പരിപാടികളുടെ തുടക്കമെന്ന നിലയിൽ കോഴിക്കോട്, എറണാകുളം ജില്ലകളിലെ ആറായിരത്തോളം അംഗൻവാടി പ്രവർത്തകർക്ക് പരിശീലനം നൽകും. ഇവർ ജില്ലകളിലെ അംഗൻവാടികൾ കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും. ഗൃഹസന്ദർശനം, അമ്മമാരുടെ യോഗം, കൗമാരപ്രായക്കാരെ സംഘടിപ്പിച്ച് അവർക്കായി ക്ലാസുകളും ചർച്ചകളും മത്സരങ്ങളും, ലഘുലേഖ വിതരണം, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുമായി ചേർന്ന് അണുബാധിതരെ സഹായിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവയായിരിക്കും സ്പന്ദനത്തിലെ പ്രധാന പ്രവർത്തനങ്ങൾ.

*ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.*

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**